***'CORRUPTION, A CRIME AGAINST NATION'***

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇ-മെയിൽ: vig.vacb@kerala.gov.in
ഫോൺ: 0471-2305393

തീയതി:29.01.2022

# "കൈക്കൂലി വാങ്ങുന്നതിനിടെ യൂണിവേഴ്സിറ്റി അസ്സിസ്റ്റന്റ് വിജിലൻസ് പിടിയിൽ"

കോട്ടയം എം.ജി യൂണിവേഴ്സിറ്റി പരീക്ഷാ വിഭാഗത്തിൽ MBA കോഴ്സ് കൈകാര്യം ചെയ്യുന്ന യൂണിവേഴ്സിറ്റി അസ്സിസ്റ്റന്റ് സി.ജെ.എൽസിയെ 15000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടെ വിജിലൻസ് അറസ്റ്റ് ചെയ്തു.

2014-2016 ബാച്ചിൽ ഏറ്റുമാനൂർ മംഗള കോളേജിൽ നിന്നും MBA കോഴ്സ് പാസായ വിദ്യാർത്ഥിനിക്ക് പ്രഫഷണൽ സർട്ടിഫിക്കറ്റ് നൽകുന്നതിലേയ്ക്ക് 15000/-രൂപാ കൈക്കൂലി വാങ്ങുന്നതിനിടയാണ് പത്തനംതിട്ട സ്വദേശിനിയായ യൂണിവേഴ്സിറ്റി അസ്സിസ്റ്റന്റ് എൽസിയെ കോട്ടയം വിജിലൻസ് പിടികൂടിയത്. പ്രഫഷണൽ സർട്ടിഫിക്കറ്റ് വേഗത്തിൽ നൽകുന്നതിന് 50000/-രൂപയാണ് ഈ വിദ്യാർത്ഥിനിയിൽ നിന്നും കൈക്കൂലിയായി എൽസി ആവശ്യപ്പെട്ടത്.എന്നാൽ വിദ്യാർത്ഥിനി അത്രയും തുക നൽകാൻ നിർവാഹമില്ലായെന്ന് അറിയിച്ചതിനെതുടർന്ന് 30000/-രൂപയാക്കി കുറച്ച് നൽകാൻ സമ്മതിക്കുകയും ഇത് പ്രകാരം 15000/- രൂപാ ഇന്നും ഒരാഴ്ച്ചയ്ക്ക് ശേഷം ബാക്കി 15000/-രൂപാ നൽകണമെന്ന് എൽസി ആവശ്യപ്പെട്ടു. വിദ്യാർത്ഥിനി ഈ വിവരം വിജിലൻസ് കിഴക്കൻ മേഖല പോലീസ് സൂപ്രണ്ട് ശ്രീ. വി.ജി.വിനോദ് കുമാറിനെ കണ്ട് പരാതി നൽകുകയും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം കോട്ടയം യൂണിറ്റ് ഡപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ.വിശ്വനാഥന്റെ നേതൃത്വത്തിൽ

കെണിയൊരുക്കി ഇന്ന് (**29.01.2022**) ഉച്ചയ്ക്ക് 2 മണിയോടെ കോട്ടയം എം.ജി യൂണിവേഴ്സിറ്റിയുടെ പരീക്ഷാഭവന്റെ മുന്നിൽവച്ച്. എൽസിയെ 15000/- രൂപ വിദ്യാർത്ഥിനിയിൽ നിന്നും കൈക്കൂലി വാങ്ങവെ വിജിലൻസ് സംഘം കൈയോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ തിരുവനന്തപുരം വിജിലൻസ് കോടതി മുമ്പാകെ ഹാജരാക്കും

2014-2016 ബാച്ചിൽ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥിനി വിവിധ വർഷങ്ങളിലായി തോറ്റുപോയ 7 വിഷയങ്ങൾ എഴുതിയെടുക്കുകയും അവശേഷിച്ച ഒരു വിഷയം മേഴ്സി ചാൻസിലാണ് ഇക്കഴിഞ്ഞ സെപ്റ്റംബറിൽ പരീക്ഷ എഴുതിയത് . ഈ വിഷയത്തിന്റെ റസൽറ്റ് പ്രസിദ്ധീകരിച്ചോ എന്ന് മാസങ്ങൾക്ക് മുൻപ് സെക്ഷനിൽ വിളിച്ച് അന്വേഷിച്ച വിദ്യാർത്ഥിനിയോട് നിങ്ങൾ തോറ്റുപോയി എന്ന് പറഞ്ഞ് തെറ്റിധരിപ്പിച്ച് വിവിധ സമയങ്ങളിലായി എൽസിയുടെ യൂണിവേഴ്സിറ്റി കോളേജിലെ ബാങ്ക് അക്കൗണ്ടു വഴി 125000/- രൂപാ കൈക്കൂലിയായി ഇതിന് മുൻപും വാങ്ങിയിരുന്നു. എന്നാൽ റിസൾട്ട് പ്രസിദ്ധീകരിച്ചപ്പോൾ വിദ്യാർത്ഥിനിയ്ക്ക് നൂറിന് 57 മാർക്ക് ഉണ്ടായിരുന്നു. യൂണിവേഴ്സിറ്റി അസ്സിസ്റ്റന്റ് തന്നെ കബളിപ്പിക്കുകയായിരുന്നുയെന്നും വിദ്യാർത്ഥിനി തിരിച്ചറിഞ്ഞു.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പിയെ കൂടാതെ,ഇൻസ്പെക്ടർമാരായ ശ്രീ.സജു.എസ്.ദാസ്, ശ്രീ.നിസ്സാം,ശ്രീ.ജയകുമാർ,സബ്ഇൻസ്പെക്ടർമാരായഅനിൽകുമാർ, രാഘവൻകുട്ടി,പ്രസന്നകുമാർ,ഗോപകുമാർ,എ,എസ്,ഐമാരായ.സ്റ്റാൻലിതോമസ്, സുരേഷ് ബാബു, സിജുതോമസ് സി.പി.ഒ മാരായ ശ്രീ.മനോജ് കുമാർ,അനൂപ്,രാജേഷ്,അരുൺ ചന്ദ്, ശ്രീമതി രഞ്ജിനി തുടങ്ങിയവരും ഉണ്ടായിരുന്നു.